**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1320** **06-02-2020 ൽ മറുപടിക്ക്**

**കിഴക്കേക്കോട്ടയിലെ സംരക്ഷിത കോട്ടമതിലിന് ചുറ്റുമുള്ള കയ്യേറ്റം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കിഴക്കേക്കോട്ടയിലെ സംരക്ഷിത കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലത്തെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് യാതൊരു നടപടിയും സാധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br>(ബി) ഇവിടുത്തെ കയ്യേറ്റക്കാരെ ഒഴിപ്പിച്ചെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ KSRTC വക 72.250 സെന്റ് സ്ഥലത്തിലെ കൈയ്യേറ്റത്തിൽ ഉൾപ്പെട്ടുവരുന്ന 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. പുനരധിവാസം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയിലെ കൈയ്യേറ്റം പൂർണ്ണമായും ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുന്നതാണ്. |
| (സി) ഈ സ്ഥലം പൂർണ്ണമായി കയ്യേറ്റമുക്തമാക്കാൻ വകുപ്പ് മേധാവികളും ഭരണനേതൃത്വവും യഥാർത്ഥ താൽപ്പര്യം കാട്ടുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) കിഴക്കേക്കോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റുമുള്ള KSRTC യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് ഭൂമിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നതിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവിലായി കുത്തകപാട്ട പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ച് വരുന്നവർ ഉൾപ്പെടുന്നു. പ്രസ്തുത പാട്ടങ്ങൾ റദ്ദാക്കിയിരുന്നുവെങ്കിലും നീണ്ടകാലയളവിലായി പാട്ടം അടച്ച് വന്നിരുന്നതും ടി സ്ഥലം ഉപജീവന മാർഗ്ഗത്തിന്റെ ഭാഗമായി കച്ചവടത്തിനായി ഉപയോഗിച്ചു വരുന്നതുമായ പ്രത്യേകത കൂടി കണക്കിലെടുത്താണ് വഞ്ചിയൂർ വില്ലേജിലെ സർവ്വേ 659-ൽപ്പെട്ട 72.250 സെന്റ് ഭൂമിയിലെ 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളത്. ഇതിനായുള്ള പുനരധിവാസ നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ നടപടികൾ പൂർത്തിയായാൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നത് പൂർത്തീകരിക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**